**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2655** **02-08-2021 - ൽ മറുപടിയ്ക്ക്**

**ഭൂമിയുടെ തരം മാറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി. ജെ. ജോസഫ് | | **Shri. K. Rajan**<br>**(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | 25 സെന്റിൽ താഴെയുള്ള ഭൂമിയുടെ തരം മാറ്റം സൗജന്യമായി നടത്തിക്കൊടുക്കണമെന്ന ഉത്തരവ് പ്രാബല്യത്തിലുണ്ടോ; | (എ) | 21.04.2021 - ലെ SRO 369/2021-ലുള്ള വ്യവസ്ഥകൾക്കു വിധേയമായി 25 സെന്റ് വരെയുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിക്ക് സൗജന്യമായി തരം മാറ്റം അനുവദിക്കാവുന്നതാണെന്ന ഉത്തരവ് പ്രാബല്യത്തിലുണ്ട്. |
| (ബി) | ഭൂമിയുടെ തരം മാറ്റത്തിന് തുക അടച്ചാലും അനുമതി നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |

സെക്ഷൻ ഓഫീസർ

5138216/2021/REV (P)

©
**കേരള സർക്കാർ**
Government of Kerala
2021

Regn.No. KERBIL/2012/45073
dated 05-09-2012 with RNI
Reg No.KL/TV(N)/634/2021-2023

# കേരള ഗസറ്റ്
# KERALA GAZETTE
## അസാധാരണം
## EXTRAORDINARY

**ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്**
PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| **വാല്യം 10** Vol. X | **തിരുവനന്തപുരം, ബുധൻ** Thiruvananthapuram, Wednesday | **2021 ഏപ്രിൽ 21** 21st April 2021 **1196 മേടം 8** 8th Medam 1196 **1943 വൈശാഖം 1** 1st Vaisakha 1943 | **നമ്പർ** No. | **1471** |

കേരള സർക്കാർ

റവന്യൂ (പി) വകുപ്പ്

**വിജ്ഞാപനം**

സ.ഉ. (സാധാ.) നമ്പർ 1166/2021/റവ. *തിരുവനന്തപുരം. 2021 ഫെബ്രുവരി 25*

*1196 കുംഭം 13*

**എസ്. ആർ. ഒ. നമ്പർ 369/2021** *1942 ഫാൽഗുനം 6.*

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്റ്റിലെ (2008-ലെ 28) 30-ാം വകുപ്പ് പ്രകാരം നൽകപ്പെട്ട അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട് 2008 ഡിസംബർ 24-ാം തീയതിയിലെ ജി.ഒ. (പി) നമ്പർ 443/2008/റവന്യൂ പ്രകാരം പുറപ്പെടുവിച്ചതും 2008 ഡിസംബർ 24-ാം തീയതിയിലെ 2743-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ എസ്.ആർ.ഒ നമ്പർ 1255/2008 ആയി

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

പ്രസിദ്ധപ്പെടുത്തിയതുമായ 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുന്നതിനു വേണ്ടി കേരള സർക്കാർ, ഇതിനാൽ താഴെപ്പറയും പ്രകാരം ചട്ടങ്ങൾ ഉണ്ടാക്കുന്നു, അതായത് :-

ചട്ടങ്ങൾ

1. ചുരുക്കപ്പേരും പ്രാരംഭവും - (1) ഈ ചട്ടങ്ങൾക്ക് 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ എന്ന് പേരു പേര് പറയാം.

ഇത് ഉടൻ പ്രാബല്യത്തിൽ വരുന്നതാണ്.

പട്ടിക
[ചട്ടം 12 (9) കാണുക ]

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ

വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്നതിന് അടയ്ക്കേണ്ട ഫീസ്

| ക്രമ നമ്പർ | വിസ്തീർണ്ണം | ഫീസായി അടയ്ക്കേണ്ട തുക<br>പഞ്ചായത്ത്/ മുനിസിപ്പാലിറ്റി/കോർപ്പറേഷൻ |
|---|---|---|
| 1 | 25 സെന്റ് വരെ<br>കുറിപ്പ് : - 2017 ഡിസംബർ 30-ാം തീയതി പ്രാബല്യ- ത്തിൽ 25 സെന്റിൽ അധികരിക്കാതെയുള്ള ഭൂമിക്കാണ് ഈ സൗജന്യം. | സൗജന്യം |
| 2 | 25 സെന്റിനു മുകളിൽ 1 ഏക്കർ വരെ | ഭൂമിയുടെ ന്യായവിലയുടെ 10 % |
| 3 | 1 ഏക്കറിനു മുകളിൽ | ഭൂമിയുടെ ന്യായവിലയുടെ 20 % |

കുറിപ്പ്:- (1) അപ്രകാരം സ്വഭാവ വ്യതിയാനം വരുത്താൻ ഉദ്ദേശിക്കുന്ന ഭൂമിയിൽ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന കെട്ടിടത്തിന്റെ തറ വിസ്തീർണ്ണം 3000 ചതുരശ്ര അടിയിൽ കൂടുതൽ ആണെങ്കിൽ അപ്രകാരം അധികമായി വരുന്ന ഓരോ ചതുരശ്ര അടിയ്ക്കും 100/- രൂപ നിരക്കിലുള്ള ഫീസ് കൂടി അടയ്ക്കേണ്ടതാണ്.

കുറിപ്പ്:- (2) 2017 ഡിസംബർ 30-ാം തീയതി വരെ ഒന്നായിക്കിടന്ന ഭൂമി, അതിനുശേഷം തിരിച്ച് 25 സെന്റോ അതിനു താഴെയോ വിസ്തീർണ്ണമുള്ള പ്ലോട്ടുകളാക്കിയിട്ടുണ്ടെങ്കിൽ, അവയ്ക്ക് മേൽപ്രകാരമുള്ള സൗജന്യം ബാധകമല്ല. അവ ഒന്നായി കണക്കാക്കിയാണ് ഫീസ് ഈടാക്കേണ്ടത്.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,

***ഡോ. എ. ജയതിലക്. ഐ.എ.എസ്.***

പ്രിൻസിപ്പൽ സെക്രട്ടറി.

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/

## വിശദീകരണക്കുറിപ്പ്

(ഇത് വിജ്ഞാപനത്തിന്റെ ഭാഗമാകുന്നതല്ല. എന്നാൽ, അതിന്റെ പൊതു ഉദ്ദേശ്യം വ്യക്തമാക്കുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ്.)

2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങളിലെ 12-ാം ചട്ടം 9-ാം ഉപചട്ടപ്രകാരം, വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന അപേക്ഷകളിൽ, ചട്ടങ്ങൾക്ക് അനുബന്ധമായുള്ള പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള നിരക്കിലുള്ള തുകയ്ക്ക്, ഡിമാന്റ് ഡ്രാഫ്റ്റോ അല്ലെങ്കിൽ ഇലക്ട്രോണിക് ട്രാൻസ്ഫർ മുഖേന പ്രസ്തുത തുക കാർഷിക അഭിവൃദ്ധി ഫണ്ടിലേക്ക് അടച്ചതിന്റെ തെളിവോ ഹാജരാക്കേണ്ടതുണ്ട്. ഭൂമി തരം മാറ്റുന്നതിനായി പട്ടികയിൽ വ്യവസ്ഥ ചെയ്ത പ്രകാരമുള്ള പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്നിവിടങ്ങളിലെ വ്യത്യസ്ത നിരക്കിലുള്ള ഫീസ്, ഏകീകരിക്കുന്ന കാര്യം പരിഗണിക്കണമെന്നും, കൂടിയ നിരക്കിലുള്ള തുക ഈടാക്കുന്നതു ന്യായമല്ലെന്നും, ബഹുമാനപ്പെട്ട കേരള ഹൈക്കോടതി റിട്ട് പെറ്റീഷൻ നമ്പർ 14312/2019 ഉൾപ്പെടെയുള്ള കേസുകളിൻമേൽ 2021 ജനുവരി 8-ാം തീയതി ഇടക്കാല ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയും 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ആക്ട് പ്രകാരമുള്ള വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ തരംമാറ്റത്തിനുള്ള നിരക്കുകൾ പഞ്ചായത്ത്, മുനിസിപ്പാലിറ്റി, കോർപ്പറേഷൻ എന്ന വ്യത്യാസമില്ലാതെ ഏകീകരിക്കുന്നതിനായി 2008-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ ചട്ടങ്ങൾ ഭേദഗതി ചെയ്യുവാൻ തീരുമാനിക്കുകയും ചെയ്തു.

ഈ ചട്ടങ്ങളിൽ എന്തു തന്നെ അടങ്ങിയിരുന്നാലും ബഹു.കേരള ഹൈക്കോടതിയുടെ WP(C) 14312/2019-ാം നമ്പർ കേസിലെ 2021 ജനുവരി 8-ാം തീയതിയിലെ ഉത്തരവിനനുസൃതമായി പുറപ്പെടുവിച്ച സ.ഉ(സാധാ.) നം.1166/2021/റവ. ഉത്തരവിന്റെ തീയതിയായ 2021 ഫെബ്രുവരി 25 മുതൽ 2021-ലെ കേരള നെൽവയൽ-തണ്ണീർത്തട സംരക്ഷണ (രണ്ടാം ഭേദഗതി) ചട്ടങ്ങൾ പ്രാബല്യത്തിൽ വരുന്ന തീയതി വരെയുള്ള കാലയളവിൽ വിജ്ഞാപനം ചെയ്യപ്പെടാത്ത ഭൂമിയുടെ സ്വഭാവ വ്യതിയാനം അനുവദിക്കുന്ന സംഗതികളിലും കൂടി മേൽപ്പറഞ്ഞ പട്ടികയിൽ വ്യക്തമാക്കിയിട്ടുള്ള ഫീസ് നിരക്കായിരിക്കും ബാധകമാകുന്നത്.

മേൽപ്പറഞ്ഞ ലക്ഷ്യം നിറവേറ്റുന്നതിന് ഉദ്ദേശിച്ചു കൊണ്ടുള്ളതാണ് ഈ വിജ്ഞാപനം.

PUBLISHED BY THE SUPERINTENDENT OF GOVERNMENT PRESSES
AT THE GOVERNMENT CENTRAL PRESS, THIRUVANANTHAPURAM, 2021

This is a digitally signed Gazette.
Authenticity may be verified through https://compose.kerala.gov.in/